ശുദ്ധജല വിതരണത്തിനുള്ള ജലം ശുദ്ധീകരിക്കുന്ന നടപടി

24 (*53) ശ്രീ. സി. മൊയിൻകുട്ടി :

ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരങ്ങളിലെ ശുദ്ധജല വിതരണത്തിനുള്ള ജലം ശുദ്ധീകരിക്കുന്ന നടപടിയിൽ അപര്യാപ്തയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ജലവിതരണം നടത്തുന്നതിനു മുമ്പായി ശുദ്ധീകരണ നടപടികൾ പൂർത്തിയാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(സി) ജലശുദ്ധീകരണ നടപടികൾക്ക് അയവ് വരുത്തിയാൽ പൊതുജനങ്ങളുടെ ആരോഗ്യത്തിനുണ്ടാകാവുന്ന ഭവിഷത്തുകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ) ഉണ്ട്.

(ബി) പ്രധാനപ്പെട്ട ശുദ്ധജല വിതരണ പദ്ധതികളിൽ ജലം ശുദ്ധീകരണ ശാലകളിൽ ശാസ്ത്രീയമായി ശുദ്ധീകരിച്ചശേഷം ക്ലോറിനേഷൻ നടത്തിയും, മറ്റ് ചെറുകിട ശുദ്ധജലവിതരണ പദ്ധതികളിൽ ബ്ലീച്ചിംഗ് പൗഡറോ, ക്ലോറിനോ ഉപയോഗിച്ചും അണു വിമുക്തമാക്കിയാണ് ജലവിതരണം ചെയ്യുന്നത്.

പ്രാഥമിക ഗുണനിലവാര ടെസ്റ്റുകൾ ഓരോ ദിവസവും പദ്ധതികളുടെ ചുമതലയുള്ള ഉദ്യോഗസ്ഥർ നടത്താറുണ്ട്. ഇതിനു പുറമേ ആലുവ, കോഴിക്കോട് എന്നിവിടങ്ങളിൽ നിലവിലുള്ള ക്വാളിറ്റി കൺട്രോൾ ഡിവിഷനുകളുടെ കീഴിലുള്ള ലബോറട്ടറികൾ നിശ്ചിത കാലയളവിൽ വിവിധ ശുദ്ധജല പദ്ധതികളിൽ നിന്നുള്ള ജലം പരിശോധിച്ച് വിവരം പദ്ധതികളുടെ ചുമതലയുള്ള ഉദ്യോഗസ്ഥരെ അറിയിക്കുകയും, മെച്ചപ്പെടുത്തൽ ആവശ്യമായ സന്ദർഭങ്ങളിൽ വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. കൂടാതെ സാംക്രമിക രോഗങ്ങളും മറ്റുമുള്ള അവസരങ്ങളിൽ ജല അതോറിറ്റി വിതരണം ചെയ്യുന്ന വെള്ളം കൂടുതൽ കർശനമായ ഗുണനിലവാര ടെസ്റ്റുകൾ നടത്തിയാണ് വിതരണം ചെയ്യുന്നത്.

(സി) ശുദ്ധജലം വിതരണത്തിന് മുമ്പായി അത് സി.പി.എച്ച്.ഇ.ഇ.ഒ. സ്റ്റാൻഡേർഡിൽ എത്തിക്കേണ്ടത് അത്യാവശ്യമാണ്. അല്ലാത്ത പക്ഷം ചെറുതും വലുതുമായ സാംക്രമിക രോഗങ്ങൾ പിടിപെടുന്നതും ആയവ ജീവഹാനിക്ക് സാദ്ധ്യത ഉണ്ടാക്കുന്നതുമാണ്. കൂടാതെ ദന്തക്ഷയവും, അസ്ഥി സംബന്ധവുമായ രോഗങ്ങളും മാലിന്യത്തിന്റെ സ്വഭാവമനുസരിച്ച് ഉണ്ടായേക്കാവുന്നതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly